# പീരുമേട് ടീ എസ്റ്റേറ്റ് സമരം

രൺജിത് തങ്കപ്പൻ

ഇടുക്കി: പട്ടിണിമരണങ്ങൾ സംഭവിച്ചില്ല എന്നതു കൊണ്ടുമാത്രം ഏതാണ്ട് ഒരു വർഷത്തോളമായി അടച്ചുകിടക്കുന്ന പീരുമേട് ടീ എസ്റ്റേറ്റിലെ തൊഴിലാളിപ്രശ്നം പ്രശ്നമല്ലാതാകുന്നില്ല. എട്ടുമാസത്തോളം കമ്പനിപ്പടിക്കൽ പട്ടിണിസമരം നടത്തിയിട്ടും മാനേജുമെന്റും ഗവർമെന്റും അവഗണനമാത്രം നൽകിയപ്പോൾ തൊഴിലാളികൾ ബലമായി എസ്റ്റേറ്റിലെ തേയില നുള്ളിവിറ്റ് നിത്യവൃത്തിക്ക് വക കണ്ടെത്തുകയാണിന്ന്.

ഇടുക്കി ജില്ലയിലെ/പീരുമേട് താലൂക്കിലെ ഉപ്പുതറ പഞ്ചായത്തിൽപെട്ട പീരുമേട് ടീ എസ്റ്റേറ്റിലെ തൊഴിലാളികൾക്ക് കഴിഞ്ഞ ഒരു വർഷമായി ശമ്പളമോ ആനുകൂല്യങ്ങളോ കിട്ടുന്നില്ല. നാല് ഡിവിഷനുകളായുള്ള രണ്ടു ഫാക്ടറികളും നഷ്ടത്തിലാണെന്നു പറഞ്ഞ് അടച്ചുപൂട്ടിയിരിക്കുകയാണ്. ബോണസ്സോ വർധിപ്പിച്ച ആനുകൂല്യമോ നൽകിയിട്ടില്ലെന്നു മാത്രമല്ല തൊഴിലാളികളുടെ ശമ്പളത്തിൽ നിന്നു പിടിച്ച എൽ. ഐ. സി., പി. എഫ്. തുകകൾ ഇതുവരെയും ബന്ധപ്പെട്ട വകുപ്പിന് കൈമാറിയിട്ടില്ലെന്ന് തൊഴിലാളികൾ പറയുന്നു.

പിരിഞ്ഞു പോയതൊഴിലാളികൾക്കു നൽകേണ്ട ഗ്രാറ്റുവിറ്റി ഉൾപ്പെടെ ഏതാണ്ട് ഒന്നേകാൽ കോടി രൂപ തൊഴിലാളികൾക്കു നൽകേണ്ടതായുണ്ട്. എന്നാൽ, പ്ലാന്റേഷൻ വ്യവസ്ഥ പ്രകാരമുള്ള താമസസൗകര്യം, ചികിത്സ, വൈദ്യുതി തുടങ്ങിയ പ്രാഥമിക ആവശ്യങ്ങൾ പോലും മാനേജ്മെന്റ് നിറവേറ്റി കൊടുത്തിട്ടില്ലെന്ന് തൊഴിലാളികൾ പരാതിപ്പെടുന്നു. 2500- ഓളം വരുന്ന തൊഴിലാളികളും അവരുടെ കുംബവും പട്ടിണിയുടെ വക്കിലാണ്.

പ്രശ്നത്തെ നിയമപരമായിതന്നെ നേരിട്ട തൊഴിലാളികൾക്ക് ആനുകൂല്യമായി കേരള ഹൈക്കോടതി വിധിക്കുകയുണ്ടായി. 28-9-2000 ത്തിലെ കോടതി ഉത്തരവുപ്രകാരം (Op. No. 22832/1998 R) തൊഴിലുടമയെ പ്രോസിക്യൂട്ട് ചെയ്യാനും തൊഴിലാളികൾക്കു നൽകേണ്ട ശമ്പളം നൽകണമെന്ന് കോടതി വിധിയുണ്ടായി. നിയമസഭാ പെറ്റീഷൻ കമ്മിറ്റിയും (21.12.1999) ഈ വിധി ശരിവെയ്ക്കുകയുണ്ടായി. എന്നാൽ കോടതി ഉത്തരവ് തിരസ്കരിക്കുകയാണ് എസ്റ്റേറ്റ് ഉടമയായ രാമകൃഷ്ണശർമ്മ ചെയ്തതെന്ന് തൊഴിലാളികൾ പറയുന്നു.

സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ഈ പ്രദേശത്തുനിന്നും 500- ഓളം വിദ്യാർത്ഥികൾ തിരുവനന്തപുരത്തും പുറത്തുമായി പഠിക്കുന്നുണ്ട്. എസ്റ്റേറ്റിലെ പ്രശ്നം മൂലം ഇവരുടെ പഠനം മുടങ്ങുന്ന സ്ഥിതി വിശേഷമാണുള്ളത്. ഈ വിഷയമുന്നയിച്ചുകൊണ്ട് വിദ്യാർത്ഥികൾ സ്റ്റീഫൻ ഐസക് ചെയർമാനായി ഒരു ആക്ഷൻ കൗൺസിൽ രൂപീകരിച്ച് മുഖ്യമന്ത്രിക്ക് നിവേദനം സമർപ്പിക്കുകയും (23/11/2000) കമ്പനിയുടമയുടെ ഓഫീസ് ഉപരോധിക്കുകയും ചെയ്തിരുന്നു.

എന്നാൽ, എസ്റ്റേറ്റ് നടത്തിക്കൊണ്ടു പോകാനാവാത്ത വിധം നഷ്ടത്തിലാണെന്നാണ് എസ്റ്റേറ്റുടമ രാമകൃഷ്ണശർമ്മ പറയുന്നത്. 600 ഹെക്ടർ സ്ഥലത്തെ തേയിലകൃഷിക്കു പുറമെ പീരുമേട് ടീ കമ്പനി 200 ഹെക്ടറിൽ ഏലവും 100 ഹെക്ടറിൽ കാപ്പി, കുരുമുളക് എന്നിവയും കൃഷി ചെയ്യുന്നുണ്ട്. കമ്പനി ഇപ്പോൾ 5 കോടിയോളം രൂപ നഷ്ടത്തിലാണെന്ന് ലേബർ മിനിസ്റ്റർക്ക് (നായനാർ മന്ത്രിസഭ) സമർപ്പിച്ച മെമ്മോറാണ്ടത്തിൽ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. തേയിലയുടെ നിലവിലുണ്ടായ ഇടിവും ഉൽപ്പാദനച്ചെലവേറിയതും തൊഴിലാളികളുടെ നിസ്സഹകരണവും കാരണമായി മാനേജ്മെന്റ് ചൂണ്ടിക്കാട്ടുന്നു. പ്രശ്നപരിഹാരത്തിന് ട്രേഡ് യൂണിയൻ നേതാക്കളും ഗവർമെന്റും വിചാരിക്കണം എന്ന നിലപാടാണ് കമ്പനിയുടമയുടേത്.

സ്ഥലം എം. എൽ. എ. ആയിരുന്ന സി. എ. കുര്യൻ ഇത്തവണ ഈ മണ്ഡലത്തിൽ നിന്ന് വൻ പരാജയമാണ് ഏറ്റുവാങ്ങിയത്. ജനങ്ങൾക്ക് എതിരാകുന്നവരെ ജനം തിരിച്ചറിഞ്ഞു തോൽപ്പിക്കുമെന്നും പ്രശ്നത്തിനു പരിഹാരം ഉണ്ടാക്കാനായില്ലെങ്കിൽ ഇ.എം. അഗസ്തി എം.എൽ.എ.യ്ക്കും അതേ ഗതി തന്നെയാണുണ്ടാവുക എന്നും സ്റ്റീഫൻ ഐസക് പറയുന്നു.

തേയില വ്യവസായം ഒരു പ്രതിസന്ധിഘട്ടത്തിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുകയാണ്. മാറി മാറി വരുന്ന സർക്കാരുകൾ കൈക്കൊള്ളുന്ന തലതിരിഞ്ഞ നയങ്ങൾ നമ്മുടെ വ്യവസായ മേഖലയുടെ നട്ടെല്ലൊടിക്കുന്നതിൽ വലിയ പങ്കു വഹിക്കുന്നു. ശ്രീലങ്കയിൽ നിന്നുമുള്ള തേയില ഇറക്കുമതി ഇന്ത്യൻ തേയില വ്യവസായത്തിന് കനത്ത ആഘാതമാണേൽപ്പിച്ചത്. എന്നാലിപ്പോൾ സ്ഥിതി ഏറെക്കുറെ മെച്ചപ്പെട്ടിട്ടുണ്ട്.

പീരുമേട് ടീ കമ്പനി തേയില കയറ്റുമതിയിലാണ് ശ്രദ്ധചെലുത്തിയിരിക്കുന്നത്. ആഭ്യന്തര വിപണിയിലെ വൻകിടക്കാരോട് മൽസരിക്കാൻ അവർ തയ്യാറായിട്ടില്ല. തേയിലക്കമ്പനി അടച്ചുപൂട്ടുന്നവർ തടി വ്യവസായവും മറ്റുമായി തടിച്ചുകൊഴുക്കാം. എന്നാൽ, പട്ടിണികിടക്കേണ്ടി വരുന്നത് തൊഴിലാളികളാണ്. ഈയൊരു വസ്തുത മനസ്സിലിരുത്തിക്കൊണ്ടാവണം ട്രേഡ് യൂണിയൻ നേതാക്കളും മാനേജ്മെന്റ് തൊഴിലാളികളും പ്രശ്നപരിഹാരത്തിനു ശ്രമിക്കേണ്ടത്.